# കേരള സർവകലാശാല

നം.പി.ആർ.81.1/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കോവിഡാനന്തര ഉന്നതവിദ്യാഭ്യാസ പ്രതിസന്ധികളും സാധ്യതകളും പഠിക്കാൻ സമിതി

ഉന്നത വിദ്യാഭ്യാസ രംഗത്തെ കോവിഡാനന്തരകാലത്തേക്ക് സജ്ജമാക്കാൻ പര്യാപ്തമായ പദ്ധതികളും നിർദേശങ്ങളും സ്വരൂപിക്കാൻ സർവകലാശാല വിദഗ്ധ സമിതിയെ നിശ്ചയിച്ചു. പ്രോ–വൈസ് ചാൻസിലറുടെ അദ്ധ്യക്ഷതയിലാണ് സമിതി രൂപികരിച്ചത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭരും സിൻഡിക്കേറ്റ് അംഗങ്ങളും അടങ്ങുന്ന സമിതിയുടെ കൺവീനറായി പ്രൊഫസർ ഗോപ് ചന്ദിനെയാണ് നിശ്ചയിച്ചത്.

സർവകലാശാലയുടെ 43 പഠനവകുപ്പുകളിൽ ഐ.റ്റി അധിഷ്ഠിത അത്യാധുനിക ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിനും ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. കോവിഡാനന്തര സ്ഥിതിഗതികളെകൂടി കണക്കിലെടുത്തുള്ള ആധുനിക പഠന സാധ്യതകളെകൂടി ലക്ഷ്യമാക്കിയാണിത്. അതിവേഗ ഇന്റർനെറ്റ് സൗകര്യവും അനുബന്ധ ഐറ്റി ഉപകരണങ്ങളും കാമ്പസിൽ ലഭ്യമാക്കും.

കാമ്പസിനെ ഹരിതാഭമാക്കാനും വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്താനും യോഗ്യമായ ഹരിതാലയം പദ്ധതി കൃഷിവകുപ്പുമായി ചേർന്ന് നടത്തുന്നതിനുള്ള മാർഗരേഖയ്ക്ക് സിൻഡിക്കേറ്റ് അംഗീകാരം നൽകി.

കോമേഴസ് വകുപ്പിൽ പുതുതായി മൂന്ന് അദ്ധ്യാപകരുടെ നിയമനത്തിനും സിൻഡിക്കേറ്റ് അംഗീകാരം നൽകി.സോഫ്റ്റ്‌വെയർ തകാരാറിനെ തുടർന്ന് ഉണ്ടായ മോഡറേഷൻ അപാകതയുമായി ബന്ധപ്പെട്ട് സസ്പെൻഷനിലായിരുന്ന കമ്പ്യൂട്ടർ സെന്റർ ഡയറക്ടറുടെ എൻക്വിയറി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിശദീകരണം സിൻഡിക്കേറ്റ് പരിശോധിക്കുകയും ആറുമാസത്തെ സസ്പെൻഷൻ കാലയളവ് ശിക്ഷകാലയളവായി പരിഗണിച്ച് ശമ്പളം പിഴയായി ചുമത്തി സർവീസിൽ തിരികെ പ്രവേശിപ്പിക്കുന്നതിന് ഇന്നു ചേർന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചു.

സർവകലാശാലയുടെ അവസാന സെമസ്റ്റർ ബിരുദ പരീക്ഷ പൊതുഗതാതം പുനസ്ഥാപിക്കുന്നത് കണക്കാക്കി മെയ് 26 മുതൽ പുന:ക്രമീകരിക്കുന്നതിനും സിൻഡിക്കേറ്റ് നിർദേശിച്ചു. വിദ്യാർത്ഥികൾക്ക് സൗകര്യപ്രദമാകുന്ന രൂപത്തിൽ സെന്ററുകൾ ഓപ്റ്റ് ചെയ്യുന്നതിനും യാത്രക്ലേശം രൂക്ഷമാകുന്നിടങ്ങളിൽ സബ്സെന്ററുകൾ പുതുതായി സ്ഥാപിക്കുന്നതിനും സിൻഡിക്കേറ്റ് തീരുമാനിച്ചു. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കുന്നതാണ്.

തിരുവനന്തപുരം
15.05.2020

പബ്ലിക്ക് റിലേഷൻസ് ഓഫീസർ

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**